3. സെൻട്രൽ തേർഡ് പാർട്ടി ഇൻസ്പെക്ഷൻ ആന്റ് മോണിറ്ററിംഗ് ഏജൻസിയായ 'WAPCOS' മുഖേന കേന്ദ്ര സർക്കാർ നേരിട്ട് പദ്ധതി പുരോഗതി വിലയിരുത്തിവരുന്നു.

4. BMPTC-യും HUDCO-യും പദ്ധതിയുടെ പുരോഗതി വിലയിരുത്താനായി പരിശോധന നടത്തിവരുന്നു.

5. പദ്ധതി നടപ്പിലാക്കിവരുന്ന നഗരസഭകളിലെ എൻജിനിയർമാർക്ക് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ സംസ്ഥാനത്ത് നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ 2012 മാർച്ചോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

**കുടുംബശ്രീയുടെ പ്രവർത്തനം**

21(*51) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കാർഷികമേഖലയിൽ കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; സംഘ കൃഷിചെയ്യുന്ന ഗ്രൂപ്പുകൾക്ക് അനുവദിക്കുന്ന പലിശ സബ്സിഡിയുടെ വിശദാംശം നൽകുമോ;

(ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിപണനസാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) വിവിധ മേഖലകളിലായി കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു*.

(ബി) കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക ശാക്തീകരണ പദ്ധതികൾ
2. സൂക്ഷ്മ സ്വയം തൊഴിൽ വികസന പദ്ധതികൾ
3. പ്രാദേശിക സാമ്പത്തിക വികസന പരിപാടികൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. സാമൂഹ്യ ശാക്തീകരണം പദ്ധതികൾ

5. സംഘടനാ ശാക്തീകരണം/പരിശീലനപരിപാടികൾ

6. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

(കൂടുതൽ വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.)*

(സി) സംഘകൃഷി, സമഗ്ര എന്നിവയാണ് കാർഷിക മേഖല കേന്ദ്രീകരിച്ച് കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ കാർഷിക ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ ലഘൂകരണം, വരുമാന വർദ്ധനവ്, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യത്തോടെ ഓരോ ജില്ലയിലും ഏതെങ്കിലും ഒരു കാർഷിക ഉൽപ്പന്നത്തെയോ തൊഴിലിനെയോ അടിസ്ഥാനമാക്കി പ്രാദേശിക ഉൽപ്പാദന വിപണന ശൃംഖല സൃഷ്ടിക്കുന്ന പദ്ധതിയാണ് സമഗ്ര. കുടുംബശ്രീയുടെ സംഘകൃഷിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ക്ഷേമ സുരക്ഷാ പ്രവർത്തനങ്ങളുമായി സമന്വയിപ്പിച്ച് നെല്ല്, പച്ചക്കറി, വാഴ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ ജില്ലകളിൽ വ്യാപകമായി കൃഷി ചെയ്തുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സി.ഡി.എസ്. ആക്ഷൻ പ്ലാൻ പ്രകാരം ലഭ്യമാക്കുന്ന തരിശുഭൂമി കൃഷിയോഗ്യമാക്കാൻ കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (സംഘകൃഷി ഗ്രൂപ്പുകൾ) വഴി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിനായി സംഘകൃഷി ഗ്രൂപ്പുകൾക്ക് പഞ്ചായത്തുകളിൽനിന്ന് പരിശീലനവും, വിത്ത്, വളം, കീടനാശിനി, യന്ത്രസാമഗ്രികൾ തുടങ്ങിയ ഉൽപ്പാദനോപാധികൾ നൽകുകയും ഉൽപ്പന്നങ്ങൾക്കായുള്ള വിപണി ഒരുക്കുകയും ചെയ്യുന്നു. കൂടാതെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നിലം ഒരുക്കൽ, ജലസേചനം, എന്നീ സഹായങ്ങൾ നൽകിവരുന്നു. സംഘകൃഷി ഗ്രൂപ്പുകൾക്ക് കുടുംബശ്രീയിൽ നിന്നും വിസ്തൃതി ഉൽപ്പാദന ബോണസ് നൽകുന്നു. സംഘകൃഷി ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പയ്ക്ക് 5% പലിശ സബ്സിഡിയും നൽകുന്നുണ്ട്.

(ഡി) കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നിലവിലുള്ള മാസച്ചന്ത, ബ്രാന്റിംഗ് പാക്കിംഗ് പ്രവർത്തനങ്ങൾ, സീസണൽ, ഫെയറുകൾ, മാർക്കറ്റ് സെന്ററുകൾ, എന്നീ സംവിധാനങ്ങൾക്ക് പുറമെ ഡയറക്ട് മാർക്കറ്റിംഗ് ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും, ജനകീയ വിപണന ശൃംഖലാ സംവിധാനം രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കെട്ടിടം അനുവദിക്കുന്ന പ്രദേശങ്ങളിൽ കുടുംബശ്രീയുടെ സ്ഥിരം വിപണന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ ഫലപ്രദമായ മാർക്കറ്റിംഗ് മാനേജ്മെന്റ് പിന്തുണയ്ക്കായി മെക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരുടെ സേവന വിനിയോഗം കാര്യക്ഷമമാക്കുന്നതിനും കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly